പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3707 20/06/2019-ൽ മറുപടിയ്ക്ക്

# കൗമാര പ്രായക്കാർക്കിടയിലെ ആത്മഹത്യ പ്രവണത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൗമാര പ്രായക്കാർക്കിടയിൽ ആത്മഹത്യാ പ്രവണത കൂടി വരുന്നതായി കാണുന്നുണ്ടോ; വിശദീകരിക്കുമോ; | (എ) ഇല്ല. |
| (ബി) ദേശീയ, ലോക ശരാശരിയെക്കാൾ വലിയ അന്തരം കേരളത്തിൽ നിലനിൽക്കുന്നുണ്ടോ; ആത്മഹത്യ പ്രവണത തടയുന്നതിനായി വകുപ്പുതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ആണ്; വിശദമാക്കുമോ? | (ബി) ഈ വിഷയത്തിൽ, ലോകനിലവാരവുമായി താരതമ്യപ്പെടുത്തിയിട്ടുള്ള പഠനം നടത്തിയിട്ടില്ല.<br>കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സൈക്കോ സോഷ്യൽ പദ്ധതി, ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം 1012 സ്കൂളുകളിൽ സ്കൂൾ കൗൺസലർമാരെ നിയമിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 646 സ്കൂൾ കൗൺസലർമാരെ വിവിധ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. മറ്റ് സ്കൂളുകളിൽ കൗൺസലർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. MSW/M.A സൈക്കോളജി യോഗ്യതയുള്ള കൗൺസലർമാർ, വ്യക്തിഗത/ ഗ്രൂപ്പ് കൗൺസിലിംഗിലൂടെ കുട്ടികൾക്ക് മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും, ആവശ്യമാണെങ്കിൽ, കുട്ടിയെ മാനസിക രോഗവിദഗ്ദ്ധരുടെ അടുത്തേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ഭവന സന്ദർശനവും നടത്താറുണ്ട്. മധ്യവേനലവധിക്കാലത്ത് |

അങ്കൺവാടികൾ കേന്ദ്രീകരിച്ച് കൗമാര-പ്രായക്കാർക്ക് ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിനായി, വ്യക്തിത്വവികസനം, ആത്മാഭിമാനം ജീവിത നൈപുണ്യ-വിദ്യാഭ്യാസം, മാനസികാരോഗ്യപരിപാലനം എന്നിവയിൽ ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസലിംഗ് എന്നിവ നൽകിവരുന്നു.

ഐ.സി.പി.എസിന്റെ ഭാഗമായി ഒ.ആർ.സി പദ്ധതി, തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പാക്കുന്നു. മാനസിക പ്രശ്നങ്ങളെ ക്ലാസ് റൂം തലത്തിൽ തന്നെ ശാസ്ത്രീയമായി കണ്ടെത്തുന്നതിനും, ആവശ്യമായ കുട്ടികൾക്ക് വ്യക്തിഗത പരിചരണം നൽകാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. കുട്ടികൾക്ക് ജീവിതനൈപുണ്യ വിദ്യാഭ്യാസവും രക്ഷിതാ-ക്കൾക്ക് ആത്മഹത്യാ പ്രവണത പോലുള്ള വിഷയങ്ങളിൽ സ്വീകരിക്കേണ്ട ശാസ്ത്രീയമായ നിലപാടിനെക്കുറിച്ചും ഒ.ആർ.സി മുഖേന പരിശീലനം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ

25/6/19